# ഇമേജ്

**2018-19**




# ST.MARY'S HSS CHAMPAKULAM

E-mail-smhsschampakulam@gmail.com, Web:www.stmaryshs.org

LK/46024/2018

സെൻറ് മേരീസ്  എച്ച് എസ് എസ്
ചമ്പക്കുളം
ലിററിൽ കൈററ്സ്

# ഇമേജ്

ഡിജിററൽ മാഗസിൻ

2018-19

# എഡിറ്റോറിയൽ ബോർഡ്



## ചീഫ് എഡിറ്റേഴ്സ്

ശ്രീമതി. ജെസ്സമ്മ ജോസഫ്

ശ്രീമതി. ട്രീസ ആൻറണി

## സ്റ്റുഡൻറ് എഡിറ്റേഴ്സ്

മനു എസ്
വർഗീസ് ഫ്രാൻസിസ്
ആശിഷ് റ്റി ഔസേഫ്
ലിയാമോൾ ജോസഫ്
സെബിൻ വർഗീസ്
അഭിരാമി സജീവ്



# ആശംസ

ഹൈ-ടെക് സാങ്കേതിക വിദ്യ ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി ആരംഭിച്ചിരിക്കുന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ "ഇമേജ്" എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും.

സ്നേഹപൂർവ്വം

അലക്സാണ്ടർ കെ വർഗീസ്

**ഹെഡ്മാസ്റ്റർ**


little
KITEs

# എഡിറ്റോറിയൽ

അത്യധികം സന്തോഷത്തോടും അളവറ്റ വിസ്മയത്തോടും കൂടി സെൻ്റ്മേരീസ് കുടുംബം **ഇമേജ്** പ്രകാശനം ചെയ്യുകയാണ്. നൂതന സാങ്കേതികലോകത്തിലേയ്ക്ക് ഇളം മൊട്ടുകളുടെ ഒരു പുതുകാൽവയ്പ്പ്.

ഈ അവസരത്തിൽ ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങളും, ഞങ്ങൾക്ക് എല്ലാ വിധ മാർഗ്ഗനിർദ്ദേശങ്ങളും, സഹായ സഹകരണങ്ങളും, പ്രോത്സാഹനങ്ങളും നല്കി ഞങ്ങൾക്ക് വഴികാട്ടിയായി നിലകൊണ്ട ഹെഡ്മാസ്റ്റർ ശ്രീ അലക്സാണ്ടർ കെ വർഗീസ് സാർ, കൈററ് മിസ്സ്സ്മാർ എന്നിവർക്ക് നന്ദിയുടേതായ നറുമലരുകൾ അർപ്പിച്ചു കൊള്ളുന്നു. ഈ എളിയ സംരംഭത്തിൽ ഞങ്ങളോടൊപ്പം സഹകരിച്ച, സഹായിച്ച എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് **ഇമേജ്** സവിനയം സമർപ്പിക്കുന്നു.

**സ്റ്റുഡൻറ് എഡിറ്റേഴ്സ്**

# ഉള്ളടക്കം


**1.** ലിറ്റിൽകൈറ്റ്സ് ഒറ്റ നോട്ടത്തിൽ 8

**2.** ലിറ്റിൽ കൈറ്റ്സ്@ സെൻറ് മേരീസ്എച്ച്എസ് **9**

**3.**ലിററിൽ കൈറ്റ്സ് സ്കൂൾതലഭരണ നിർവഹണ സമിതി **10**

**4.**ലിറ്റിൽ കൈറ്റ്സ് 11

5.ആധുനിക ജീവിതത്തിൽ കമ്പ്യൂട്ടറിൻെറ സ്ഥാനം 13

6.അഭയമാണ് അമ്മ 16

7.ഹൃദയത്തിലെ അംശം 18

8.അതിജീവനത്തിന്റെ ജീവിതം 19

9.പഴഞ്ചൊല്ലുകൾ 24

*10 അതിജീവനം 25*

*11.സ്നേഹ സ്പർശം 27*

*12.സ്നേഹ സാന്ത്വനം 29*

*13.കുട്ടനാട്ടും പ്രളയവും 31*

*14.ദൈവത്തിൻ കൈത്താങ്ങ് 35*

*15.എൻെറ മഴ 39*

*15.സാന്ത്വനം 41*

*16.നന്ദിയുടെ ഒരു വാക്ക് 45*

# ലിറ്റിൽകൈറ്റ്സ് ഒറ്റ നോട്ടത്തിൽ

ട്രീസാ ആൻറണി
കൈററ് മിസ്ട്രസ്

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിന് ആണ് ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർഥിക്ക് വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകുന്നു. ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനാണ് വിവിധ വിഷയ മേഖലകളിലെ പ്രായോഗിക പരിശീലനം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്സ് & ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്, ഹാർഡ്‌വെയർ മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ്പ് പബ്ലിഷിംഗ്, ഇൻററനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ്തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് . കൂടാതെ മികവുപുലർത്തുന്നവർക്ക് സബ്ജില്ല -ജില്ല -സംസ്ഥാനതല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പദ്ധതി അവസരമൊരുക്കുന്നു.

മാനുഷിക മൂല്യങ്ങളോട് ഒപ്പം സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

# ലിറ്റിൽ കൈറ്റ്സ്@ സെൻറ് മേരീസ് എച്ച് എസ്

ജെസ്സമ്മ ജോസഫ്
കൈററ് മിസ്ട്രസ്

സംസ്ഥാന വിദ്യാലയങ്ങൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർഥികളുടെ സാങ്കേതിക പരിജ്ഞാനം ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഒരുസംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിനായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതി 2017-18 അധ്യയനവർഷം ചമ്പക്കുളം സെൻറ് മേരീസ് എച്ച് എസ് ൽ ആരംഭിച്ചു. എട്ടാം ക്ലാസ് വിദ്യാർഥികളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 23 വിദ്യാർഥികൾക്കാണ് പരിശീലനം നൽകിവരുന്നത് . എല്ലാ ബുധനാഴ്ചയും വൈകുന്നേരം നാലുമണി മുതൽ അഞ്ചു മണി വരെയാണ് പരിശീലനം. ആകെ 7 മൊഡ്യൂളുകളിലായി ഗ്രാഫിക് & ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ് & ഇൻറർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്പ്, പൈത്തൺ& ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, ഹാർഡ് വെയർ എന്നീ മേഖലകളിലാണ് പരിശീലനം നൽകിവരുന്നത്. കൈററ് മിസ്ട്രസ്മാരായി ശ്രീമതി. ജെസ്സമ്മ ജോസഫും ശ്രീമതി ടീസ ആൻറണിയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

............................................................

# ലിററിൽ കൈററ്സ്
## സ്കൂൾതല ഭരണ നിർവഹണ സമിതി

ചെയർമാൻ:  ശ്രീ ടോം ജെ (പിടിഎ പ്രസിഡൻറ്)
കൺവീനർ :ശ്രീ. അലക്സാണ്ടർ കെ വർഗീസ് (ഹെഡ്മാസ്റ്റർ)

വൈസ് ചെയർമാൻമാർ :ശ്രീമതി റോസമ്മ ആൻറണി
(എം പിടിഎ പ്രസിഡൻറ്)
ശ്രീമതി ജിപ്സി മാർട്ടിൻ
(പിടിഎ വൈസ് പ്രസിഡൻറ്)

ജോയിൻറ് കൺവീനർമാർ: ശ്രീമതി ജെസ്സമ്മ ജോസഫ്
ശ്രീമതി ടീസ ആൻറണി
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്മാർ)


## കുട്ടികളുടെ പ്രതിനിധികൾ

കൈറ്റ് ലീഡർ : മാസ്റ്റർ മനു എസ്
കൈറ്റ് ഡെപ്യൂട്ടി ലീഡർ : കുമാരി ലിയമോൾ ജോസഫ്

# ലിറ്റിൽ കൈറ്റ്സ്



അഭിരാമി സജീവ്
നിബിൻ മാത്യു
സെബിൻ വർഗീസ്
വർഗീസ് ഫ്രാൻസിസ്
ഐശ്വര്യ വി എസ്
വിദ്യ എസ്
അനഘ എസ്
രാഗേന്ദു രാജേഷ്
സാന്ദ്ര ശശി
അമൃത അനിൽകുമാർ
ആശിഷ് റെറി ഔസേപ്പ്
ലിയമോൾ ജോസഫ്
മിഥുൻ ഡി
രേവതി ആർ
ശിവാനി എസ്
നന്ദന
ബെനറ്റ് തോമസ്
അനന്തകൃഷ്ണൻ അനിൽ
റോഷൻ ബിനു
അഥീന മോഹൻദാസ്
ടോം മോനിച്ചൻ
ലിറ്റിമോൾ തോമസ്
മനു എസ്



Nagalakshmi - G
VIII - D





# ആധുനിക ജീവിതത്തിൽ കമ്പ്യൂട്ടറിൻെറ സ്ഥാനം



ലേഖനം

അത്ഭുതങ്ങളുടെ മായാപ്രപഞ്ചം സൃഷ്ടിച്ച് അംബര വീഥിയെയും പിന്നിട്ട് മനുഷ്യൻ പുരോഗതിയിൽ നിന്നും പുരോഗതിയിലേയ്ക്ക് ത്വരിതഗമനം നടത്തുകയാണ്. മാറ്റത്തിൻെറ ശംഖൊലി മുഴക്കി ആധുനികതയുടെ രഥത്തിലേറി ശീഘ്രഗമനം നടത്തുന്ന ആധുനിക മനുഷ്യൻ മാധ്യമങ്ങളുടെ മായാപ്രപഞ്ചത്തിലൂടെ കമ്പ്യൂട്ടറിൻെറ വിസ്മയലോകത്ത് എത്തി നിൽക്കുന്നു. മനുഷ്യൻെറ എല്ലാ കർമ്മ മണ്ഡലങ്ങളിലും നിർണായക സ്വാധീനം ചെലുത്തുന്ന അനന്ത

**അഭിരാമി സജീവ്**

**IX A**

സാധ്യതകളുള്ള ഒരു സാങ്കേതിക ഉപകരണമാണ് കമ്പ്യൂട്ടർ.

വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ നമ്മെ സഹായിക്കുന്ന ഒരു ഉപകരണമാണ് കമ്പ്യൂട്ടർ. അതിൻെറ കാര്യക്ഷമതയും ഉപയോഗവും അനുദിനം വർദ്ധിച്ചുവരുന്നു. ശാസ്ത്രസാങ്കേതിക രംഗത്തും വിദ്യാഭ്യാസരംഗത്തും കാർഷികമേഖലയിലും മെഡിക്കൽ തലത്തിലും ബഹിരാകാശത്തും വാർത്താവിനിമയ രംഗത്തും എന്നുവേണ്ട മനുഷ്യൻെറ സമസ്ത മേഖലകളിലും കമ്പ്യൂട്ടറിൻെറ ഇടപെടൽ ഇന്ന് അനിവാര്യമായി തീർന്നിരിക്കുന്നു.

ശാസ്ത്രസാങ്കേതികരംഗത്തെ അതിശയകരമായ മുന്നേറ്റം എന്ന് കമ്പ്യൂട്ടറിനെ വിളിക്കാം. ചന്ദ്രനിൽ കാൽവെപ്പ് നടത്തിയതും ചൊവ്വയിലേക്കും മറ്റു ഗ്രഹങ്ങളിലേക്കും മനുഷ്യൻെറ ബുദ്ധി പറന്നതും കമ്പ്യൂട്ടറിൻെറ കൈത്താങ്ങ് കൊണ്ടാണ്. നിരവധി സസൂക്ഷ്മവസ്തുക്കൾ ഒരേസമയം കൈമാറി നൽകിയാൽ മാത്രമേ ബഹിരാകാശ യാത്രകൾ നടത്താനാവൂ. ഒരായിരം മസ്തിഷ്കങ്ങൾക്കുമുപരി ഒരൊറ്റ കമ്പ്യൂട്ടർ മതി ഇക്കാര്യങ്ങൾ സുഗമമാക്കാൻ.

വിദ്യാഭ്യാസമേഖലയിൽ അധ്യാപകർക്കും വിദ്യാർഥികൾക്കും ഒരുപോലെ ഉപകാരിയാണ് കമ്പ്യൂട്ടർ. കൃത്യതയാർന്ന ഇതിൻെറ പ്രവർത്തനവേഗം എടുത്തുപറയേണ്ടതുതന്നെ. വിദ്യാർത്ഥിക്കു നൽകേണ്ടുന്ന വിവരങ്ങൾ അവശ്യം വേണ്ടവ തെരഞ്ഞെടുത്തു സൂക്ഷിക്കാനും ആവശ്യ സന്ദർഭത്തിൽ എത്തിച്ചുകൊടുക്കാനും കമ്പ്യൂട്ടർ അധ്യാപകനെ സഹായിക്കുമ്പോൾ അതിവിശാലമായ അറിവിൻെറ ലോകം വിരൽത്തുമ്പിൽ സ്വായത്തമാക്കുന്ന കമ്പ്യൂട്ടറിലൂടെ വിദ്യാർത്ഥി .ഗവേഷണ പ്രധാനമായ കാര്യങ്ങൾ സൂക്ഷിച്ചുവയ്ക്കാനും ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് പൂർവ്വകാല വിജ്ഞാനം നിമിഷത്തിനുള്ളിൽ എത്തിച്ചുകൊടുക്കാനും കഴിയുന്നു. ഞൊടിയിടയിൽ ആവശ്യാനുസൃതം വിജ്ഞാനം പകർന്നു നൽകാൻ കഴിയുന്ന കമ്പ്യൂട്ടർ വിദ്യാഭ്യാസരംഗത്ത് സർവാധിപത്യം സ്ഥാപിക്കും എന്നതിൽ യാതൊരു സംശയവുമില്ല.

സാങ്കേതിക വിദ്യാഭ്യാസ രംഗത്തും കമ്പ്യൂട്ടറിൻെറ സ്വാധീനം ഒരു കുതിച്ചുചാട്ടത്തിനു തന്നെ കാരണമായിട്ടുണ്ട്. ഈ മേഖലയിൽ അധ്വാനവും സമയവും ലാഭിക്കാൻ കമ്പ്യൂട്ടറിൻെറ ഉപയോഗത്തിലൂടെ കഴിഞ്ഞു.

ആശയവിനിമയത്തിന് ശാസ്ത്രം വികസിപ്പിച്ച ഏറ്റവും ഒടുവിലത്തേതും എന്നാൽ പരമപ്രധാനവുമായ തന്ത്രമാണ് ഇൻറർനെററ്. ഇമെയിൽ വിലാസം ഉള്ളവർക്ക് ലോകത്ത് എവിടെ ആയിരുന്നാലും ഞൊടിയിടയിൽ സന്ദേശം ലഭ്യമാക്കാൻ ഇതിലൂടെ കഴിയും .ഗവേഷണത്തിനും വ്യവസായ വാണിജ്യ വിഭവസമാഹരണത്തിനും എല്ലാം ഇൻറർനെറ്റ് നമ്മെ സഹായിക്കും .ഇൻറർനെറ്റും കമ്പ്യൂട്ടറും വിദ്യാഭ്യാസത്തിന് നൂതന മുഖച്ഛായ തന്നെ നൽകുന്നു .ഇൻറർനെറ്റ് ടെലിഫോൺ,ഇൻറർനെറ്റ് റിലേ ചാറ്റ് എന്നിങ്ങനെ പോകുന്നു ഇൻറർനെററിൻെറ സേവനങ്ങൾ .ഇവയ്ക്കുപുറമേ ഉല്പന്നങ്ങളെക്കുറിച്ച് പരസ്യം ചെയ്യാനും വിപണനം നടത്താനും ബാങ്കിങ്ങ് ഇടപാടുകൾ നടത്താനും ഇതിലൂടെ നമുക്ക് കഴിയും. വിവാഹ ജോഡികളെ തിരഞ്ഞെടുക്കാൻ വരെ ഇൻറർനെററ് ഉപയോഗിച്ചു വരുന്നുവെന്ന് മനസ്സിലാക്കുമ്പോൾ ആധുനിക ജീവിതത്തിൽ കമ്പ്യൂട്ടർ ഒഴിച്ചുകൂടാനാവാത്ത കുടുംബാംഗമായി മാറി എന്നുവേണം കരുതാൻ .അങ്ങനെ ആഗോളഗ്രാമം എന്ന സങ്കല്പം ഇൻറർനെറ്റിലൂടെ യാഥാർത്ഥ്യമാവുകയാണ്.

ഇൻറർനെറ്റ് വിപ്ലവം അതുപോലെതന്നെ ദോഷങ്ങളും സൃഷ്ടിക്കാറുണ്ട് .മനുഷ്യൻെറ ജീവിത ശൈലിയെ തന്നെ മാറ്റി മറിച്ച് പൂർണമായും യന്ത്രങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഒരവസ്ഥയിലേക്ക് മനുഷ്യനെ വിവരസാങ്കേതികവിദ്യ എത്തിക്കുമോ നാം സംശയിക്കേണ്ടിയിരിക്കുന്നു. എന്തുതരം വാർത്തയും ചിത്രങ്ങളും ഇൻറർനെറ്റിലൂടെ ലഭ്യമാകുന്നുവെന്നതിനാൽ അതിനെ നാം വിവേകപൂർവ്വം ഉപയോഗിക്കണം. ലോകമെങ്ങും വർദ്ധിച്ചുവരുന്ന കമ്പ്യൂട്ടർ ഗെയിം ഭ്രാന്ത് ഒട്ടേറെ അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു. ആയതിനാൽ മഹത്തായ ഈ നവീന സാങ്കേതിക വിദ്യ സാമൂഹ്യ നന്മയ്ക്ക് ഉതകുംവിധം ജാഗ്രതയോടെ നമുക്ക് ഉപയോഗിക്കാം. നേട്ടങ്ങൾ കൊയ്യാം.അവ നമ്മെ അടിമകൾ ആക്കാതിരിക്കട്ടെ.

...........................................



# അഭയമാണ് അമ്മ

കവിത



താരാട്ടുപാട്ടിൻ ഈണമായ് എൻെറ
ഹൃത്തിൽ നിറയുമൊരമ്മ.
സ്വ ജീവനെക്കാൾ ഏറെ സ്നേഹമാണ്
മാറോട് ചേർക്കുമെന്നമ്മ.

വാടാത്ത മലരായി എന്നിൽ
വിരിയും ഒരനുഗ്രഹമാണെന്നമ്മ.
നന്മതൻ കണികകൾ നിറഞ്ഞു
നിൽക്കുമൊരു നറു മലരാണെന്നമ്മ.

അലീന സിബിച്ചൻ IX B

എന്നുമെന്നോർമ്മയിൽ

നിറയുമൊരു പനിനീർപ്പൂവാണെന്നമ്മ.

വാത്സല്യത്തോടെന്നെ ചാരത്തിരുത്തി

മുത്തം നൽകുമൊരമ്മ.

ജീവൻറെ ജീവനായി എന്നെ കരുതുന്ന

ഹൃദയത്തിൻ താളമെന്നമ്മ.

എൻജീവന്റെ താളമെന്നമ്മ.

********************

# ഹൃദയത്തിലെ അംശം

കഥ



നവ്യ പ്രസാദ് X D

ഗുരുവായൂർ ക്ഷേത്ര ദർശനത്തിനായി അനൂപ് പോകുകയാണ്. അങ്ങോട്ടുള്ള ഓരോ വഴിയും അവന് കാണാപ്പാഠമാണ്. കുട്ടിക്കാലം മുതലേ അവന് ഗുരുവായൂർ സുപരിചിതമാണ്. ഓർമ വെച്ച കാലം മുതൽ അവൻ കുഞ്ഞുണ്ണി ചേട്ടന്റെ കൂടെ ക്ഷേത്രത്തിലേക്ക് പോയിട്ടുണ്ട്. കുഞ്ഞുണ്ണി ചേട്ടൻ അവന്റെ അച്ഛന്റെ സഹായിയും തറവാട്ടിലെ കാര്യസ്ഥനും ആയിരുന്നു. കുഞ്ഞുണ്ണി ചേട്ടൻ അനൂപിന് സ്വന്തം അച്ഛനെപ്പോലെയായിരുന്നു. ഓണം, വിഷു ,ദീപാവലി തുടങ്ങിയ ആചാരങ്ങൾ എല്ലാം അവൻ ആഘോഷിച്ചിരുന്നത് അദ്ദേഹത്തിനൊപ്പം ആയിരുന്നു. അവൻ പിച്ചവച്ചു നടന്നത് അദ്ദേഹത്തിൻറെ കൈപിടിച്ച് ആയിരുന്നു. കുഞ്ഞുണ്ണി ചേട്ടൻറെ സർവ്വസ്വവും അനൂപും അവന്റെ കുടുംബവുമാണ്.

കുഞ്ഞുണ്ണി ചേട്ടൻ ചെറുപ്പംമുതലേ അനൂപിന്റെ തറവാട്ടിലെ ഒരംഗത്തെ പോലെ ആയിരുന്നു. എന്നാൽ പരിഷ്കാരിയായ അനൂപിന്റെ അമ്മയ്ക്ക് അദ്ദേഹത്തിൻെറ അമിതസ്വാതന്ത്ര്യവും ഇഷ്ടമില്ലായിരുന്നു. ആ തറവാടിൻറെ ഉയർച്ചയ്ക്കായി ധാരാളം വിയർപ്പൊഴുക്കിയിട്ടുള്ളയാളായിരുന്നു അദ്ദേഹം. എന്നാൽ അനൂപിന്റെ അമ്മയുടെ മാനസിക പീഡനം അദ്ദേഹം അനൂപിനെ ഓർത്ത് മറന്നു. എന്നാൽ ചില രീതികൾ അയാൾക്ക് സഹിക്കാനായില്ല. അതിലെ പ്രധാന കാരണം ,അദ്ദേഹം കാരണം അവന്റെ ഭാവി തകരുമെന്ന് അമ്മ പറഞ്ഞതാണ്. അങ്ങനെ തൻെറ പ്രിയപ്പെട്ട പുത്രന്റെ ഭാവി താൻ മൂലം തകരരുത് എന്നാഗ്രഹിച്ച അദ്ദേഹം ചങ്ക് പൊട്ടുന്ന വേദനയോടെ ആ പടിയിറങ്ങി .

ഗുരുവായൂർക്ഷേത്രത്തിലേക്ക് പോകുന്ന അനൂപ് ഇന്ന് ഉയർന്ന ഉദ്യോഗസ്ഥനാണ്. അവൻ സമ്പാദിക്കാവുന്നതിന്റെ പരമാവധി സമ്പാദിച്ചു കഴിഞ്ഞു. അവന്റെ ഏക ആഗ്രഹം കുഞ്ഞുണ്ണി ചേട്ടനെ കാണുക എന്നതായിരുന്നു . അവൻ ഗുരുവായൂർക്ക് പോകുന്നതിൻെറ പ്രധാനലക്ഷ്യം തന്നെ ഉണ്ണിക്കണ്ണനോട് തൻെറ കുഞ്ഞുണ്ണി ചേട്ടനെ കാണിച്ചുതരണം എന്ന് പ്രാർത്ഥിക്കാൻ വേണ്ടിയാണ് .അവനവിടെ നടപ്പന്തലിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു സ്നേഹശബ്ദം. മോനെ.... തിരിഞ്ഞുനോക്കി .ഒരു മെലിഞ്ഞ ശരീരം. കണ്ടാൽ ഒരു ഭിക്ഷാലു. അയാൾ വീണ്ടും വിളിച്ചു. മോനെ... അവൻറെ കണ്ണിൽ നിന്നും ചുടുകണ്ണീർ ഒഴുകി. അവസാനമായി താൻ പത്തൊമ്പതാം വയസ്സിൽ കണ്ട ആ രൂപം ആകപ്പാടെ

മാറി. അവന് മനസ്സിലായി അത് തൻെറ പ്രിയപ്പെട്ട കുഞ്ഞുണ്ണി ചേട്ടനായിരുന്നു .

പിന്നെ ഒന്നും നോക്കിയില്ല. അവൻ അദ്ദേഹത്തെ സ്നേഹപൂർവ്വം ആശ്ലേഷിച്ചു .അദ്ദേഹം ആ മകനുവേണ്ടി ഈ ഗുരുവായൂർ നടയിൽ പ്രാർത്ഥിക്കുകയായിരുന്നു ഈ നാൾ വരെയും. അന്നുപ് ഓരോതവണയും ഗുരുവായൂരിൽ വരുന്നത് അദ്ദേഹം ഒളിഞ്ഞിരുന്നു കാണുമായിരുന്നു. ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം സഫലമായ അവൻ അദ്ദേഹത്തെയും കൊണ്ട് തിരികെ തറവാട്ടിലേക്ക് പോയി. അവന്റെ കൂടെ കുഞ്ഞുണ്ണി ചേട്ടനുണ്ട് . അവന്റെ മനസ്സിൽ ഉണ്ണിക്കണ്ണനും.

.......................................................................






ഗോപിക അജയകുമാർ IX C

# അതിജീവനത്തിന്റെ ജീവിതം

കവിത



ബിൻറമോൾ എ   X A

ചൊല്ലാം ഞാനുമെൻ  അതിജീവിതത്തിൻ
കദനം നിറഞ്ഞൊരു കഥ

കയ്പ്പായി മാറിയതെല്ലാം ഇന്നിൻ
മധുരിതം ആക്കി ഞാനെൻ ജീവനിൽ

ദുരിതത്തിലായിരുന്നെൻ ജന്മവും
തീർത്തും ദുഃഖങ്ങൾ മാത്രവുമേ

സാധ്യമല്ലൊരു വിജയം ആർക്കുമേ
പ്രയത്നം കൂടാതെ ലഭ്യമല്ലിതാർക്കുമേ

പഠിക്കുവാനേറെ വിശപ്പതിലേറെ
ദാരിദ്ര്യമോ എന്നും  ചുറ്റിവളഞ്ഞിടുന്നു

സാധ്യമല്ലെന്നറിയുകിലും  സാധ്യമാക്കീടു
മെന്നുള്ളൊരീ  തീർച്ച നൽകുമീ വിജയം

എന്നാശകളേതും ഒതുക്കി ഞാനും
അമിതാനന്ദങ്ങളും വേണ്ടെന്നു വെച്ചു ഞാനും

പഴിച്ചു ഞാനേവരേയും എന്തിനീ ജന്മം
എന്നെ എന്തിനായ്  ശിക്ഷിപ്പൂ നീയും

തിരിച്ചറിഞ്ഞു ഞാനെൻ ലക്ഷ്യം
ഇവയെല്ലാമോരോ കടമ്പയും

കടക്കേണ്ടിതല്ലോ എനിക്കിനിയും
മാതൃകയാക്കി ഞാൻ മഹത്വ്യക്തികളെ

അവനായിരുന്നെൻ ഉത്തേജനം
അവരാക്കിയതെൻ ലോകം

ഓരോരോ കഷ്ടതയും തിന്മയു

മെൻ ഉയർച്ചകൾ ആക്കിമാറ്റി

ഉറങ്ങുമ്പോഴുള്ളതല്ല സ്വപ്നം
ഉറക്കം നശിപ്പിക്കുന്നതാണ് സ്വപ്നം

താഴ്ച്ചകളോരോ ഉയർച്ചകളും
എൻ അതിജീവനത്തിൻ ഭാഗമായി


എൻ ജീവിതമാണെൻ മാതൃകയും
അതിജീവിക്കും ഓരോ തടസ്സങ്ങളും

തളരരുതേ നീ നിൻ സങ്കടത്തിൽ
ഇതിനപ്പുറം ഒരു നൽ ജീവിതം നിനക്കുണ്ടേ

*******************************

# പഴഞ്ചൊല്ലുകൾ





*സമ്പാദകൻ .വർഗീസ് ഫ്രാൻസിസ്*

*IX B*

*കണ്ടത്തിലെ പണിക്ക് വരമ്പത്തു കൂലി.*

*അധികം വിളഞ്ഞാൽ വിത്തിനും കൊള്ളില്ല.*

കളയില്ലാതെ വിളയില്ല.

കുംഭത്തിൽ മഴപെയ്താൽ കുപ്പയിൽ നെല്ല്.

ഞവര നട്ടാൽ തുവര മുളക്കില്ല.

മണ്ണറിഞ്ഞു വിത്ത് കണ്ടറിഞ്ഞ് വളം.

മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല.

വയലിൽ വിളഞ്ഞാൽ വയറ്റിൽ എത്തും.

പത്തായം പട്ടിണികിടക്കരുത്.

കല്ലിൽ വിതച്ചാൽ കരിയും.

നട്ടാലേ നേട്ടമുള്ളൂ.

എലിയെ പേടിച്ച് ഇല്ലം ചുടരുത്.

നദി പാഞ്ഞാൽ കടലോളം.

ഒരുവെടിക്ക് രണ്ട്പക്ഷി.

അങ്ങാടി തോറ്റതിന് അമ്മയോട്.

കണ്ടത്തിലെ പണിക്ക് വരമ്പത്തു കൂലി

അധികം വിളഞ്ഞാൽ വിത്തിനും കൊള്ളില്ല

കള യില്ലാതെ വിളയില്ല

കുംഭത്തിൽ മഴപെയ്താൽ കുപ്പയിൽ നെല്ല്

ഞവര നട്ടാൽ തുവര മുളക്കില്ല



# അതിജീവനം

*കവിത*



മരീന കുഞ്ഞുമോൻ VIIIA

വീണ്ടും ആ പാതയിൽ നീങ്ങവേ
അതിജീവനം എന്തെന്ന് പഠിച്ച ഞാനും

കാലവർഷ കെടുതിയിൽ മുറിവേറ്റ

നദിയുടെ ഭാഗം കൈകളിൽ വഹിച്ച വള്ളിപ്പാല

അന്നവൾ ആകെ മുറിവേറ്റും നീറ്റലാൽ

ഏറെ ആളുകളാൽ ചവിട്ടപ്പെട്ടും

അതിജീവനത്തിൻ കൈ ഒപ്പ് കണ്ടറിഞ്ഞു

മഴ തകർത്ത നാടിൻറെ കണ്ണീർ
നോക്കി ഭയന്നിരുന്നവരുടെ വിറക്കും

പാദങ്ങൾക്ക് തൻ മുറിപ്പെട്ട ശരീരം

അവൾ വീണ്ടും ആ പാതയിൽ നീങ്ങവേ

അവളിതാ ഭീകര സത്വമായി മാറിയിരിക്കുന്നു
തൻറെ മുറിവേറ്റ പാടുകൾ കാട്ടി അവളെന്നെ
ഭയപ്പെടുത്തുന്നിതാ

അതിജീവനത്തിനായി ഫയലിൽ
അകപ്പെട്ടിരിക്കയാണ് ഇന്ന്

അയാൾക്കറിയില്ലഉണ്ടാകുമോ ഇനി
ഒരു അതിജീവനം അവൾക്കായി

%%%%%%%%%%%%%%%%%%%%%%

# സ്നേഹസ്പർശം

കഥ



ജ്യോതി ജോമോൻ *XD*

ചാക്ക് ഉള്ളിലേക്ക് തിരുകി ഉറപ്പായോ എന്ന് ഒന്നുകൂടി പരിശോധിച്ച് ജാനകി വീണ്ടും വീട്ടുവിട്ടിറങ്ങി. ഇത് എട്ടാം പ്രാവശ്യമാണ്. ഇനിയെങ്കിലും അവരെ കണ്ടാൽ മതി. വലിയ പ്രതീക്ഷയോടെ അവൾ ഗേറ്റ് പൂട്ടി. എന്തെന്നറിയില്ല, എന്തിനൊക്കെയോ വല്ലാത്ത സന്തോഷം . അവൾ തന്റെ അമ്മായിഅമ്മയെ പഴിചാരി "വീണ്ടുംനിങ്ങളെ ഉപേക്ഷിക്കാൻഎട്ടാം പ്രാവശ്യം തുനിയുകയാണ്" . നാശം എന്ന് മനസ്സിൽ ആയിരം വട്ടം ശപിച്ചു പുറത്തിറങ്ങി. പതിവുപോലെ കാർ മുററത്തുതന്നെ നിർത്തി . മറ്റൊരു കാർ കിടന്നപ്പോൾ അത് സൂപ്രണ്ട് തന്നെയാണെന്ന് മനസ്സിലായി പുറത്തേക്കിറങ്ങി. വാതിൽപ്പടിയിൽ വലിയ ആചാരമര്യാദകൾ കാണിക്കാതെ വേഗത്തിൽ മുറിയിൽ കടന്നു. ഏതോ നറുമണമുള്ള പുഷ്പം വിടർന്നുനിന്ന മുഖത്ത് സൂര്യവെളിച്ചം ആഞ്ഞടിച്ചത് പോലെ അവർ ചോദിച്ചു. "അമ്മ എവിടെ?.. " ഞാൻ പറഞ്ഞു കാറിലുണ്ട്, എത്രനാളായി മാഡത്തെ അന്വേഷിക്കുന്നു. ഇന്നേക്ക് എട്ടാം തവണയായി ഓരോ ദിവസവും കഴിയുംതോറും വിദ്വേഷം ഏറുകയാണ്" . "അമ്മയെ കൊണ്ടുവരൂ ..."പുഞ്ചിരിയോടെ സൂപ്രണ്ട് രമ അവരെ വിളിക്കാൻ പറഞ്ഞു . എട്ടാമത്തെ തന്റെ വയോജന മഠമാണ്. സ്നേഹത്തിലൂടെ തന്നെ വിട്ടുപോയ തന്റെ മകന്റെ ആത്മാവിനെ അമ്മ ഒരിക്കൽ കൂടി സ്മരിച്ചു. അമ്മയുമായി വന്നുനിന്നപ്പോൾ തന്നെ അവരെ കെട്ടിപ്പിടിച്ചു വാത്സല്യപൂർവ്വം കൈകളിൽ ഉമ്മവെച്ചു. അമ്മയുടെ വിശദമായ വിവരങ്ങൾ പറയുന്ന താമസം ചുമരിൽ തൂക്കിയ ഒരാൺകുട്ടിയുടെ പടത്തിനു നേരെ വിരലോടിച്ചു സരോജിനിയമ്മ ചോദിച്ചു .ഈ കുട്ടി ആരാണ് ?ഐശ്വര്യം നിറഞ്ഞ മുഖം നിഷ്കളങ്കമായ ചിരിയോടു കൂടി തന്നെ നോക്കി പുഞ്ചിരിക്കുന്ന മകന്റെ മുഖം കണ്ട് രമ ചോദ്യത്തിനു മുൻപിൽ പതറിപ്പോയി . "എന്റെ മകനാണ്, വിവേക് പഠിക്കാനും സ്വഭാവം കൊണ്ടും വളരെ മികവാർന്ന തിളക്കമുള്ളവൻ. എന്നാൽ താൻ ചെയ്യുന്നതിന്റെ ഫലം തന്റെ മക്കൾ ആണല്ലോ അനുഭവിക്കുന്നത്. കണ്ണുനീര് സാരിത്തുമ്പിൽ തുടച്ച് അമ്മയേയും എന്നേയും കസേരയിൽ ഇരുത്തി. രമ തന്റെ ജീവിതകഥ അവർക്കു മുൻപിൽ തുറന്നുകാട്ടി .

ജാനകിയുടെ അതേ സ്വഭാവവും ദേഷ്യവും ഉള്ള ഒരാൾ തന്നെയായിരുന്നു ഞാനും.

ഓഫീസിലെ ജോലി തിരക്കും വീട്ടിലെ പ്രശ്നങ്ങളും എന്നെ തികച്ചും വഴി മുട്ടിച്ചിരുന്നു. എന്നിരുന്നാലും ആ ദേഷ്യം മുഴുവൻ ഞാൻ ഒന്നോടെ വിളമ്പിയിരുന്നത് അമ്മായിമ്മയോട് ആയിരുന്നു

അവരോടെന്നും ദേഷ്യപ്പെട്ട് മാത്രമേ സംസാരിച്ചിട്ടുള്ളൂ . കാലത്തിന് മറവിൽ അവരുടെ മരണം സമാഗതമായി. വിധിയിൽ സന്തോഷിച്ച ഞാൻ ഒരുപാട് സന്തോഷിക്കാൻ ദൈവം ഇട തന്നില്ല .സ്കൂൾ ബസിൽ ഉണ്ടായ ചെറിയ അപകടത്തിൽ മരണപ്പെട്ട തന്റെ മകനെ ഓർത്ത് കരഞ്ഞ ആ ദിനം......... ഞാൻ എന്റെ അമ്മയോട് കാണിച്ചതിന്റെ പ്രതിഫലം. ചില വേദന നിറഞ്ഞ സന്ദർഭങ്ങളാണ് നമ്മെ ചിലത് പഠിപ്പിക്കുന്നത്. ഏകാന്തതയിൽനിന്ന ഞാൻ പ്രായശ്ചിത്തത്തിനായി സ്നേഹസ്പർശം എന്ന എന്റെ സ്ഥാപനം നടത്തുന്നു. തന്റെ സ്വന്തം അവസ്ഥ ഇതുതന്നെയാണ് എന്ന് മനസ്സിലാക്കിയ സരോജിനിയമ്മ ജാനകിയുടെ മുഖത്തേക്ക് ദയനീയമായി നോക്കി. സൂപ്രണ്ടിന്റെ അമ്മ ഒരിക്കലും മകനെ ശപിച്ചു കാണില്ല എങ്കിലും ആ കുട്ടിക്ക് മരണം സംഭാവനയായി കിട്ടി. തന്റെ ദുരവസ്ഥ ചിന്തിച്ച് സൂപ്രണ്ടിനോട്ടും അമ്മയോട്ടും മാപ്പുപറഞ്ഞ് ജാനകി സരോജിനിയമ്മയെ വീട്ടിൽ കൊണ്ടുപോയി.

****************************

# സ്നേഹ സാന്ത്വനം

കഥ

ജോസിൻ റ്റി ജോസഫ് X A



സൂര്യകിരണങ്ങൾ ജനൽപഴുതിലൂടെ സോഫിയയുടെ മുഖത്തടിച്ചു. ഉറക്കച്ചടവോടെ അവൾ അനാഥാലയത്തിലെ മദറിൻെറ ചേംബറിലെത്തി .തലേന്ന് പുലർച്ചെ മദറിനെ കാണണമെന്ന് വാച്ച്മാൻ ലൂക്കാ ചേട്ടൻ പറഞ്ഞിരുന്നു. മദറിൻെറ കൂടെ അനാഥാലയത്തിലെ അന്തേവാസിയും അവളുടെ സുഹൃത്തുമായ റോസക്കുട്ടി അവിടെ നിൽക്കുന്നത് അവൾ കണ്ടു. മദർ പറഞ്ഞു; "സോഫി നാളെ റോസിയെ കൊണ്ടുപോകാൻ ഒരുകൂട്ടർ വരും''.സോഫി വിഷാദത്തോടെ ചിരിച്ചു .കാരണം കുട്ടിക്കാലംമുതൽ റോസിയും സോഫിയും ഉറ്റ സുഹൃത്തുക്കളായിരുന്നു. റോസക്കുട്ടിയുമായുള്ള സോഫിയുടെ അവസാനദിവസം. ഉച്ചയ്ക്ക് ഭക്ഷണത്തിന് മണിയടിക്കുന്നത് വരെയുള്ള നിമിഷങ്ങൾ അവർ പരസ്പരം കണ്ണും കണ്ണും നോക്കിയിരുന്നു. പുറമേന്ന് കണ്ടാൽ അവർ മിണ്ടാതിരിക്കുകയാണെന്ന് തോന്നാം, പക്ഷേ അവരിരും കണ്ണുകളിലൂടെ സംസാരിക്കുന്നുണ്ടായിരുന്നു. ഉച്ചഭക്ഷണം കഴിക്കാനായി സീറ്റിൽ പ്ലേറ്റുമായി അവരിരുവരും സ്ഥിരം ഇരിക്കുന്ന കസേരയിൽ ഇരുന്നു. അവരുടെ കഞ്ഞിയിൽ കണ്ണീർ ഉപ്പ് അലിഞ്ഞു .

ഭക്ഷണത്തിനുശേഷം തന്നിൽനിന്ന് വേർപെട്ടു പോകാൻ പോകുന്ന ഉറ്റ സുഹൃത്തിനോട് എന്തുപറയണമെന്നറിയാതെ അവർ കുഴങ്ങി. സോഫിയയ്ക്കാകണം ദുഃഖത്തിൻെറ അളവിൽ ലേശം കുറവുണ്ടായിരുന്നത്. കാരണം തൻെറ പ്രിയ സുഹൃത്തിന് ഒരു നല്ല ജീവിതം ലഭിക്കുന്നതോർത്ത് അവൾ സന്തോഷിച്ചു. അതിനാൽ സോഫി മനസ്സ് കല്ലാക്കി ചോദിച്ചു'' പുതിയവീട്ടിൽ നിനക്ക് നല്ല രസം ആയിരിക്കുമല്ലോ. '' അവൾ തുടർന്നു അച്ഛനുമമ്മയുമൊക്കെ എന്തു രസമായിരിക്കും. അപ്പോൾ വാക്കുകൾ മുറിക്കത്തക്കവണ്ണം റോസ പറഞ്ഞു;'' എന്തൊക്കെയുണ്ടായാലും നീ കാണില്ലല്ലോ സോഫി, അപ്പോൾ എനിക്ക് ഒരു രസവും കാണില്ല'' സോഫിയുടെ മനസ്സൊന്ന് ഇടറി . സമയം എങ്ങനെയൊക്കെയോ അവർ തള്ളിനീക്കി. രാത്രിയിൽ സോഫി തൻെറ സുഹൃത്തിൻെറ വേർപാടിനെ കുറിച്ച് ഓർത്ത് വിഷമത്തോടെ ഉറങ്ങാൻ കിടന്നു . ആ രാത്രി അവൾക്ക് ഉറങ്ങാൻ സാധിച്ചില്ല. പതിവിലും നേരത്തെ നേരം വെളുത്തതായി അവൾക്ക് തോന്നി. രാത്രി ഉറങ്ങാതിരുന്നതിനാൽ പകുതിയോടെ സോഫിയുടെ കണ്ണിനു ചുറ്റും കറുത്തു കിടന്നു .

പെട്ടന്നാണ് ഒരു അംബാസിഡർ കാറിന്റെ ശബ്ദം അവളുടെ ചെവിയിലേക്ക് തുളച്ചു കയറിയത്. അത് സോഫിയ്ക്ക് ഭയാനകമായി അനുഭവപ്പെട്ടു. എല്ലാവരും ഒത്തു കൂടാനായി മണിയടിച്ചു. സോഫി പതുക്കെ പുറത്തേക്കിറങ്ങി നടന്നു .ഹാളിൽ എത്തിയപ്പോൾ എല്ലാവർക്കും മുന്നിലായി രണ്ടു പേർ. ഒരച്ഛനും അമ്മയും നിൽക്കുന്നത് അവൾ കണ്ടു.മേടൻ റോസയെ വിളിച്ചു. റോസ പതുക്കെ അവരുടെ അടുക്കലേക്കു നടന്നു . റോസയെ വിളിച്ചുകൊണ്ടു പോകുവാനായി എത്തിയതാണ് ആ മാതാപിതാക്കൾ. അവളെ വിളിച്ചു കൊണ്ടുപോകുവാൻ ഒരുങ്ങിയപ്പോൾ എവിടെനിന്നോ കരഞ്ഞുകൊണ്ട് സോഫി ഓടിയെത്തി. റോസയെ വാരിപ്പുണർന്നു കൊണ്ട് അവൾ തന്റെ അണപൊട്ടിയൊഴുകുന്ന കണ്ണുനീർ തുടച്ചു.തന്റെ തീരാ ദുഃഖത്തെ കടിച്ചമർത്തി സോഫി അവിടെ നിന്നും മാറിനിന്നു. റോസക്കുട്ടിയുമായി ആ കാർ അകന്നു നീങ്ങി. സോഫിയുടെ കണ്ണുകളിൽ നിന്നു പൊടിഞ്ഞ കണ്ണുനീർ തുള്ളികളുടെ ശക്തികണ്ടിട്ട് അവരുടെ സുഹൃത്ത് ബന്ധത്തിന്റെ തീവ്രത എത്രമാത്രമായിരുന്നു എന്ന് വ്യക്തമാകും .അങ്ങനെ സോഫിയയുടെ ദുഃഖങ്ങളിൽ എത്തുന്ന സാന്ത്വനം ,അവളുടെ സ്നേഹസാന്ത്വനം ഇനിയും ഇല്ല എന്ന ദുഃഖവും പേറി അവൾ ആ അനാഥാലയത്തിന്റെ നാല് ചുവരുകളിലേയ്ക്ക് ഒതുങ്ങിക്കൂടി .

*********************





# കുട്ടനാടും പ്രളയവും

ലേഖനം

ആഷ്‌ലി റോയി VIII B

2018 ലെ ജലപ്രളയം നേരിട്ടുകണ്ട് അനുഭവിച്ച കേരളത്തിലെ പ്രത്യേകിച്ച് കുട്ടനാട്ടിലെ ജനങ്ങൾ ആണല്ലോ തന്നെ. 2018 ലെ സ്വാതന്ത്ര്യദിനത്തിൽ മുട്ടോളം വെള്ളത്തിൽ നിന്ന് ദേശീയ പതാക ഉയർത്തിയപ്പോൾ നാം ആരും കരുതിയില്ല വെള്ളം കഴുത്തോളം എത്തുമെന്ന്. തിമിർത്ത് പെയ്ത പേമാരി. ഒരു മഹാപ്രളയത്തിൻെറ നടുക്കത്തിൽ നിന്ന് മോചിതരാകാൻ

ശ്രമിക്കുകയാണിപ്പോൾ . പെരു വെള്ളപ്പാച്ചിലിൽ ഒലിച്ചുപോയ വീടുകളും, കാർഷിക ഉൽപന്നങ്ങളും ശ്വാസം അടിക്കു പിടിച്ച് കരയ്ക്ക് എത്തുവാനുള്ള മരണപ്പാച്ചിലിൽ ഉടുതുണിക്ക് മറുതുണി ഇല്ലാതെ ഉള്ള പാലായനം.

സംസ്ഥാന സർക്കാരിന്റെ ദുരന്തനിവാരണ അതോറിറ്റിയുടെ ജാഗ്രത നിർദ്ദേശങ്ങൾ. എന്നാൽ എല്ലാം തകിടം മറിച്ച് പെയ്ത വെള്ളവും ഡാമുകൾ തുറന്ന വെള്ളവും എത്തിയപ്പോൾ നമ്മുടെ പൂർവികർ കണ്ട 99 ലെ വെള്ളപ്പൊക്കത്തെ അനുസ്മരിപ്പിക്കുന്ന ഒരു മഹാ ദുരന്തം. കുട്ടനാടൻ ജനതയുടെ കണ്ണീർ പ്രവാഹം. കൃഷി നശിച്ചതിന്റെ ആഘാതത്തിൽനിന്ന് ഇനിയും മോചിതരാകാൻ കർഷകരും കർഷകതൊഴിലാളികളും. എന്നാൽ ഈ ദുരന്ത മുഖത്തുനിന്നും കരകയറ്റാൻ കയ്യും മെയ്യും മറന്ന് സഹായിച്ച സുമനസ്സുകൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സഭാനേതൃത്വം എല്ലാവരെയും നമുക്ക് നന്ദിയോടെ ഓർക്കാം.

സ്വന്തം മുതുക് കാട്ടി അനേകർക്ക് കൈത്താങ്ങായ മത്സ്യതൊഴിലാളികൾ. ദുരിതാശ്വാസ ക്യാമ്പുകളിൽ ഓണ ദിവസങ്ങൾ ചെലവഴിച്ച് അഭയാർഥികൾ ആക്കപ്പെട്ട മലയാളികളോട് ഐക്യദാർഢ്യം പ്രാപിക്കാം. കേരളത്തിൻറെ പ്രളയക്കെടുതി ദേശീയദുരന്തമായി കാണാൻ കഴിയാത്ത വിധം ഭരണാധികാരികളുടെ കണ്ണുകൾ മൂഢമായി പോയത് കഷ്ടംതന്നെ. പ്രളയജലം നമ്മെ ചില അന്ധതകളിൽ നിന്നും ശുദ്ധീകരിക്കേണ്ടതുണ്ട്.

എങ്കിലും ഇത്തരം പ്രകൃതിദുരന്തങ്ങൾ മൂലം സംജാതമാകുന്ന വിനാശകരമായ അവസ്ഥയെ നേരിടാൻ ആവശ്യമായ മാർഗ്ഗങ്ങളെപ്പറ്റി നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

## ഇനി ഒരു മഹാദുരന്തം ഉണ്ടാകാതിരിക്കാൻ

കാലാവസ്ഥ നിരീക്ഷകരുടെ മുൻകൂട്ടിയുള്ള അറിയിപ്പുകൾക്ക് നാം ചെവി കൊടുക്കണം .ജലാശയങ്ങളുടെ തീരങ്ങളിലും അതിവേഗം വെള്ളം എത്തുന്ന പ്രദേശങ്ങളിലും താമസിക്കുന്നവരെ, പെട്ടെന്ന് മാറ്റിപ്പാർപ്പിക്കുവാനുള്ള സത്വരസംവിധാനങ്ങൾ ഉണ്ടാകണം.

കനത്ത മഴ പെയ്യുമ്പോൾ മലയിലെ മണ്ണിടിച്ചിലും മണ്ണൊലിപ്പും മൂലം നമ്മുടെ ജലസംഭരണികൾ നിറയുകയും വെള്ളം ഉൾക്കൊള്ളാൻ അവയ്ക്ക് ശേഷി ഇല്ലാതെ വരികയും ചെയ്യുന്നതുകൊണ്ടാണ് അണക്കെട്ടുകൾ കവിഞ്ഞൊഴുകാൻ ഇടയാകുന്നത്. ഈ കവിഞ്ഞൊഴുകൽ നദികളിൽ പെട്ടെന്ന് വെള്ളം ഉയരുന്നതിനും തീരപ്രദേശങ്ങളെ ഓർക്കാപ്പുറത്ത് വെള്ളത്തിൽ മുക്കാനും ഇടയാക്കുന്നു. അതുകൊണ്ട് മണ്ണിടിച്ചിലും മണ്ണൊലിപ്പും എങ്ങനെ തടയാം എന്നതിനെക്കുറിച്ച് വളരെ ശാസ്ത്രീയവും പ്രായോഗികവുമായ ചിന്താപദ്ധതികൾ ആവശ്യമാണ്.

# പുനർനിർമ്മാണം

കൃഷിയുടെ മഹത്വം പാടി തലമുറകളെ ആവേശം കൊള്ളിപ്പിച്ച ഒരു നാടാണ് നമ്മുടേത്. പച്ചപ്പട്ടണിഞ്ഞ നെൽപ്പാടങ്ങളും നിരനിരയായിനിൽക്കുന്ന തെങ്ങിൻതോപ്പുകളും സമ്പന്നമായ നമ്മുടെ സംസ്കാരത്തിന്റെയും ജീവിത സമർദ്ധിയുടെയും മുഖമുദ്രകളാണ്. എന്നാൽ പ്രളയം നമ്മെ 50 വർഷം പിന്നോട്ടുകൊണ്ടുപോയിരിക്കുന്നു.

നവകേരളനിർമ്മിതിക്കായി UN മുന്നോട്ടുവച്ച ചട്ടക്കൂട് സ്വാഗതാർഹമാണ്. സംയോജിത ജലവിഭവ മാനേജ്മെൻറ്, പ്രകൃതി സൗഹൃദഭൂവിനിയോഗം, ജനകേന്ദ്രീകരണ സമീപനം നൂതനസാങ്കേതികവിദ്യകൾ എന്നിവയാണ് നാലു ഘടകങ്ങൾ.


വിദ്യാഭ്യാസപരമായും ആരോഗ്യപരമായും അതോടൊപ്പം സാമ്പത്തികപരമായും തൊഴിൽപരമായും സമസ്തമേഖലകളിലും നമുക്ക് ഉണർവും ഉയർച്ചയും ഉണ്ടാകേണ്ടിയിരിക്കുന്നു

കോടാനുകോടി രൂപ ചെലവഴിച്ച് അണക്കെട്ടുകൾ നാം നിർമ്മിക്കുന്നത് ജനക്ഷേമത്തിന് വേണ്ടിയാണ് അല്ലാതെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ആകുവാൻ അല്ല. ഡാമിൽ വന്നുനിറയുന്ന മാലിന്യങ്ങളും നീക്കം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകണം

ദീർഘവീക്ഷണത്തോടും നിഷ്കർഷയോടും കൂടെ പ്രവർത്തിച്ചാൽ ഇത്തരം പ്രകൃതിദുരന്തങ്ങൾ തടയുവാൻ കഴിയുമെന്നാണ് എൻറെ വിശ്വാസം. അർപ്പണബോധവും കർമ്മശേഷിയും ഉള്ള ഒരു തലമുറയാകട്ടെ നമ്മുടെ തലമുറ. ഒരു നവകേരള നിർമ്മിതിക്കായി നമുക്ക് കൈകോർക്കാം.

---------------------------------------

.


ഗ്രാമം
by
Joseph



# ദൈവത്തിൻ കൈത്താങ്ങ്

*കവിത*

ഈ ചെറു ജീവിതം എത്രമേൽ ദുർബലം

ആലോലം ആയതും ഹ്രസ്വം ആയതും

അതിജീവനത്തിൻ ആലോല തീരങ്ങൾ

താണ്ടി ചികഞ്ഞു തളർന്ന ഞാനും

ഇനി തൻ കോവിലിൽ കാരുണ്യ ദീപ്തമായി

കൈകളിൽ കരുണതൻ പൊൻവെളിച്ചം



ജ്യോതി ജോമോൻ

X D

ആയുസ്സ് നഷ്ടമാം ജീവിതം ഹസ്വമാം

എങ്ങനെ ഞാൻ ഇതിൽ ചെന്നെത്തിടും

ആപത്തിൽ താണ്ടി ചുഴിയിൽ ചുറ്റി

തൻ വിണ്ടു മുറിഞ്ഞ കാൽപാദങ്ങളും

രക്ഷതൻ  കാരുണ്യ കാറ്റിനും ഏത് ചുറ്റും തിരഞ്ഞു

ഞാൻ കിട്ടി വല്ലതും ഏകാന്തമായതിൽ ചാഞ്ചാടും

പീടിക ഗോവണി തൻ പിന്നിൽ ചാഞ്ഞിരിപ്പൂ

തേടുവാൻ വന്നതാര്  ക്രൂരൻ തൻ

മേൽവിലാസം മുദ്ര കുത്തിയയാളെ

അറിയില്ല  കാരുണ്യ ജീവ പ്രകാശമായി

രക്ഷതൻ കൈത്താങ്ങ് കാത്തിരിപ്പൂ

വീടിനെ  മൂടുന്ന  വായുവെ നഷ്ടമാം

ഏകാന്ത മരണമണി മുഴങ്ങിടുന്നു

ദൃഷ്ടി ഉറപ്പിച്ച് അക്ഷയ ധൈര്യമായി

ഒരുവട്ടം കൂടി  ആ നോട്ടം വീണ്ടും

എന്നെന്നറിയില്ല എന്തിനെന്നറിയില്ല

ജീവിതം നീളും എന്നതേ ശുഭം

അങ്ങനെവീണ്ടും തിരിഞ്ഞു നോക്കുമ്പോൾ അതാ

പൊന്നിൻ  കൊച്ചു തോണി

ദൃഷ്ടനായി മനസ്സിൽ വിഗ്രഹിച്ച് ആ മനുഷ്യൻ

ഇതാ  മുന്നിൽ  നിഷ്പ്രയാസം

കണ്ടുടൻ എന്നെ കൈകളിൽ താങ്ങി

തോണിപ്പടിമേലെ എടുത്തുവച്ചു

അപ്പോഴെൻ ചിന്താ ഗോപുരത്തിൽ

തെളിഞ്ഞുടൻ ശത്രുവും മനുഷ്യൻ താൻ

സ്നേഹസ്പർശം

ആ തിരു രോദനം ആ വേദന അമൃതം

എത്രമേൽ   അവർണ്ണനീയമായമാം

എങ്ങനെയൊക്കെയോ ആരുടെയൊക്കെയോ


കൈകൾതൻ  പൊൻ വെളിച്ചത്തിൽ നിഷ് പ്രയാസം

എൻ കൈവെള്ളയിൽവന്നുദിച്ചു

ആ കരം  അതിൽ എന്റെ  ഒരു നാമവും

അതിജീവനമാം ദൈവത്തിൻ കൈത്താങ്ങ്

*********************


Deepak Saji Antony
X-A



# എന്റെ മഴ



*അഥീന മോഹൻദാസ് IXB*

*ആരും കാണാതെ രാത്രിയിൽ*
*നിറകുടമായി പെയ്തിറങ്ങിയ മഴ*
*നേരം പുലർന്ന ഞാൻ മാനത്ത്*
*നോക്കിയപ്പോൾ എവിടന്നോ ഒരു*
*കുഞ്ഞ് തുള്ളിയായി എൻ കവിളിൽ*
*വന്ന് തലോടി മഴ*
*സങ്കടങ്ങളെല്ലാം ഉള്ളിലൊതുക്കി*
*വിങ്ങിപ്പൊട്ടി പിടിച്ചുനിൽക്കാൻ ആവാതെ*
*കരഞ്ഞുപോയ മഴ പുസ്തകസഞ്ചിയും*
*തൂകി എൻ ചെറു വിദ്യാലയത്തിൽ*

*പോയപ്പോൾ മാരിയായ് പെയ്തിറങ്ങി*

*പാടവരമ്പത്ത് ഞാൻ ഓടി കളിക്കവേ*

*തുള്ളികളാൽ എനിക്ക് സന്തോഷം തൂകി തന്ന മഴ*

*എന്തിനോവേണ്ടി ഞാൻ ഒഴുകവേ*

*കണ്ണീരല്ല ഒരു കടലായി എത്തിച്ചുതന്ന മഴ*

*ആരുമറിയാതെ രാത്രിയിൽ*

*എന്റെ സ്വപ്നങ്ങളിൽ പെയ്തിറങ്ങിയ*

*ആ രാത്രിമഴ*

.....................................

## സാന്ത്വനം

കഥ



ആൻ മേരി തോമസ് IX C

ജീവിതത്തിൽ പല പ്രതിസന്ധികളും  പലർക്കും ഉണ്ടാകാറുണ്ട്. അതിന്റെ കൂട്ടത്തിൽ കേരളം  ഇന്നേവരെ കണ്ടിട്ടില്ലാത്ത ഒരു പ്രളയം കൂടി വന്നാൽ എന്താവും സ്ഥിതി. കുട്ടനാട്ടിലെ ചെറിയൊരു ഗ്രാമത്തിലായിരുന്നു അന്നമ്മ താമസിച്ചിരുന്നത്. മദ്ധ്യവയസ്കയായ സ്ത്രീ. ഇടിഞ്ഞുപൊളിഞ്ഞ കൂരയിൽ എല്ലാവരുമുണ്ടായിട്ടും ആരുമില്ലാത്തവരെ പോലെയാണ് അവർ താമസിച്ചിരുന്നത്. മറ്റുള്ളവർക്കെല്ലാം പ്രളയം സമ്മാനിച്ചത് ദുരിതമാണെങ്കിൽ മക്കൾ ഉപേക്ഷിച്ചുപോയ അവർക്ക് അതൊരു സാന്ത്വനമായിരുന്നു. എന്നും എല്ലാവർക്കും ഭാരമായിരുന്നു അവർ. തന്റെ ജനനം മുതൽ ഇന്നോളം വരെ അവർക്ക് കൂട്ട് ദുരിതവും ദുഃഖവുമായിരുന്നു. അങ്ങനെയിരിക്കയാണ് കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത ആ മഹാപ്രളയം വന്നത്.


പ്രളയത്തിനിടെ രണ്ടാം ദിവസമായിരുന്നു രക്ഷാപ്രവർത്തകർ ആ ഇടിഞ്ഞ കൂരയിൽ അന്നമ്മയെ അവശനിലയിൽ കണ്ടെത്തിയത്. രക്ഷാപ്രവർത്തകർ അന്നമ്മയെ ഒരു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവർക്ക് ബോധം വീണപ്പോൾ രക്ഷാപ്രവർത്തകർ അവരുടെ അടുക്കൽ കുടുംബത്തെയും ബന്ധുക്കളെയും പറ്റി ചോദിച്ചു. അന്നമ്മയുടെ ഉത്തരം രണ്ടു തുള്ളി  കണ്ണുനീരിൽ ഒതുങ്ങിനിന്നു.പിന്നീട് ആരോഗ്യം വീണ്ടെടുത്ത അവരെ കാത്തിരുന്നത് സന്തോഷത്തിൻെറ നാളുകളായിരുന്നു .

ആശുപത്രിയിൽനിന്ന് അന്നമ്മയെ നേരെ കൊണ്ടുപോയത് ഒരു

ദുരിതാശ്വാസ ക്യാമ്പിലേക്ക് ആയിരുന്നു .അവിടെ ക്യാമ്പിൽ ഉണ്ടായിരുന്നവർക്ക്

സമാശ്വാസ കിറ്റുമായി സഹായിക്കുവാൻ ഒരു യുവതി വന്നു. അവിടെ അടുത്തുള്ള ഒരു അനാഥാലയത്തിൻെറ ഉടമയായിരുന്നു അവർ. കിറ്റ് വിതരണം ചെയ്യുന്നതിനിടയിൽ അവളുന്ന് അന്നമ്മയെ കണ്ടു. വിവരങ്ങൾ അന്വേഷിച്ചു സങ്കടങ്ങൾ കേട്ടപ്പോൾ അവൾക്കു മരിച്ചുപോയ തൻെറ സ്വന്തം അമ്മയെ ഓർമ്മ വന്നു. അവൾ അന്നമ്മയുടെ അടുക്കൽ അവളെ സ്വയം പരിചയപ്പെടുത്തി അവളുടെ പേര് റോസി എന്നായിരുന്നു . പരസ്പരം പറഞ്ഞുകഴിഞ്ഞപ്പോൾ അന്നമ്മയ്ക്ക് ഒരു മകളെ കിട്ടിയ സന്തോഷവും റോസിക്ക് സ്വന്തം അമ്മ തിരിച്ചെത്തിയത് പോലെയുള്ള ഒരു ആനന്ദവും ആയിരുന്നു. പോകാറായപ്പോൾ അവൾ അന്നമ്മയുടെ അടുത്തു വന്നു ചോദിച്ചു അവളുടെ വീട്ടിലേക്ക് പോരുന്നോ എന്ന്. അന്നമ്മയുടെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു. ലോകം പിടിച്ചടക്കിയ സന്തോഷമായിരുന്നു അവർക്ക്. അവളുടെ അനാഥാലയത്തിലെ കുട്ടികൾക്ക് ഒരു സാന്ത്വനമായി ഒരമ്മയുടെ കരുതലുള്ള ഒരാളായി മാറാൻ അന്നമ്മയ്ക്കു കഴിഞ്ഞു. തൻെറ ജീവിതത്തിലെ മധുരിക്കുന്ന ഓർമ്മകളുമായി അന്നമ്മ ഇന്നും ജീവിക്കുന്നു .

*oooooooooooooooooooooooo*


ഈ ചിത്രം വരയ്ക്കാൻ ഒരു പാട് ബുദ്ധിമുട്ടിക്കാണും അല്ലേ................ ?
ഇല്ലേയില്ല...........പൈത്തൺ ഭാഷ ഉപയോഗിച്ച് ഇത്തരം രൂപങ്ങൾ എളുപ്പത്തിൽ നിർമ്മിക്കാം.
Thomas Reji
X A



*ടോം വർഗീസ് XB*



# നന്ദിയുടെ ഒരു വാക്ക്

പ്രളയത്തിന്റേയും പേമാരിയുടേയും പെരുമഴക്കാലം 2018. തളരാത്ത, പതറാത്ത അതിജീവനം............. കണ്ടും കേട്ടും മുന്നേറിയ കുരുന്നുകളുടെ സൂര്യതേജസ്സ് പോലെ തിളങ്ങുന്ന ചിന്തകൾ................. പ്രതീക്ഷകൾ............... എല്ലാം കോർത്തിണക്കിയ മണിമുത്തു മാല.............

ന്യൂനതകൾ ഏറെയുണ്ടെങ്കിലും പ്രതീക്ഷയോടെ സമർപ്പിക്കുന്നു.......
സദയം ക്ഷമിക്കുക......................
ഇളംകതിരുകൾ പൊരിവേനലിൽ വാടാതെ കാക്കുക...........

എല്ലാവർക്കും നന്ദി ................
ഹൃദയത്തിന്റെ ഭാഷയിൽ നന്ദി........................

************************************
********************
********